**ആരാണ് കള്ളൻ? നമ്മളിൽ ആർക്കാണ്
കള്ളത്തരം ഇല്ലാത്തത്?
അസാധാരണമായ ജീവിതാനുഭവങ്ങളും
അപൂർവ്വ ശേഷിയുമുള്ള
പ്രസിദ്ധ മോഷ്ടാവ് മണിയപിള്ളയുടെ
ജീവിതാനുഭവങ്ങൾ.**

**ഡി.സി. ബുക്സ് മേയിൽ
പ്രസിദ്ധീകരിക്കുന്ന
ജി.ആർ. ഇന്ദുഗോപൻ രചിച്ച
'കള്ളന്റെ പുസ്തകം'
എന്ന പുസ്തകത്തിൽനിന്ന്.**

**ഒരു മോഷ്ടാവിന്റെ യഥാർത്ഥ ജീവിതം**



ഫോട്ടോ/കടപ്പാട് : ഹാരിസ് കുറ്റിപ്പുറം/മാധ്യമം

# രാത്രി ട്രാക്കിൽ ഒരു പെണ്ണ് : ഒരു കള്ളൻ

കെ. മണിയൻപിള്ള

എന്റെ പേര് മണിയൻപിള്ള. മോഷ്ടാവാണ്. എന്റെ ജീവചരിത്രത്തിൽ നിന്നൊരു ഭാഗമാണ് കുറിക്കുന്നത്.

ഒരു കള്ളന്റെ രാത്രികൾ ഒരിക്കലും സുരക്ഷിതമല്ല. കൊല്ലത്താണ് എന്റെ വീട്. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ നിന്ന് രാത്രി റോന്തു ചുറ്റുന്ന ഏതു പോലീസുകാരൻ വിചാരിച്ചാലും നമ്മളെ രാത്രിയിൽ വീട്ടിൽ വന്ന് പൊക്കാം. ഒരു കാരണവും വേണ്ട. കൊണ്ട് അകത്തിടാം. കേസിന്റെ എണ്ണം കൂട്ടാനുള്ള യന്ത്രങ്ങളാണ് കള്ളന്മാർ. അതുകൊണ്ട് സ്വസ്ഥമായി കിടന്നുറങ്ങണമെന്ന് തോന്നുമ്പോൾ, എല്ലാം മറന്ന് ഉറങ്ങാൻ ശ്മശാനങ്ങളാണ് തിരഞ്ഞെടുക്കുന്നത്. കൊല്ലത്ത് പോളയത്തോട്ടിലുള്ള നഗരസഭയുടെ ശ്മശാനമായിരുന്നു എന്റെ ഇഷ്ടയിടം. വീട്ടിൽനിന്ന് റെയിൽ-റോഡ് വഴി മൂന്നു-മൂന്നര കിലോമീറ്ററേ വരൂ. മനുഷ്യരെയല്ലാതെ പിശാചിനെ പേടിയില്ലാത്തതുകൊണ്ട് ഒരു പ്രശ്നവുമില്ല. ശ്മശാനത്തിൽ പട്ടികളല്ലാതെ ഒരു ശല്യവുമില്ല. അവയാകട്ടെ, തങ്ങളെപ്പോലൊരു അനാഥൻ എന്നേ കരുതൂ. പരസ്പരം കടികൂടുന്ന എത്രയോ പട്ടിക്കൂട്ടങ്ങൾക്കിടയിൽ കൂടി ഞാൻ ശ്മശാനത്തിലൂടെ നടന്നിട്ടുണ്ട്. മനസ് മരവിച്ചിരിക്കുകയായിരിക്കും. പട്ടികൾ കടിച്ച് ചാകാനാണ് വിധിയെങ്കിൽ അങ്ങനെ. നമുക്ക് ഇതിനെയൊന്നും എതിർക്കാൻ കഴിയില്ല. അങ്ങനെ മരിക്കേണ്ടവനല്ല. അതുകൊണ്ട് പട്ടികൾ അവയുടെ പാട്ടിന് വിടും. എന്നാൽ ഒരിക്കലും ഒരു പ്രശ്നവും ഉണ്ടാവാതെ ഇരിന്നിട്ടുമില്ല, ശ്മശാനത്തിൽ. പക്ഷേ കള്ളന്മാരെയോ വേശ്യകളെയോ സാമൂഹികവിരുദ്ധരെയോ കണ്ടിട്ടില്ല. അതിനുള്ള ധൈര്യം അവർക്കുമില്ലായിരിക്കും.

ഒരിക്കൽ പതിവുപോലെ സെക്കൻഡ് ഷോ കഴിഞ്ഞ് വന്നപ്പോൾ കൊല്ലത്തിനടുത്ത് പോളയത്തോടിലെ ചുടുകാട് ജംഗ്ഷനിൽ ചെന്നപ്പോൾ ഒന്ന് കിടന്നുറങ്ങണമെന്ന് തോന്നി. ജോലിക്കാർക്ക് വിശ്രമിക്കാനായി കടമണ്ണ് ഇറക്കി ഇട്ടിട്ടുണ്ട്. വാച്ച്മാന് ഇരിക്കാനുള്ള സ്ഥലമുണ്ട്. രാത്രി എന്തായാലും ഞാൻ കണ്ടിട്ടില്ല. ഞാൻ രാത്രി അയാളുടെ മുറിയിൽ കേറി ഒന്ന് ഇരിക്കാറുണ്ട്. ഗ്ലാമറില്ലെങ്കിലും അതൊരു നല്ല പോസ്റ്റാണ്. ഒരു ശ്മശാനത്തിന്റെ കാവൽക്കാരൻ. എത്ര കോടീശ്വരന്മാർ... നാറികൾ എല്ലാവന്റെയും അഹങ്കാരത്തിന്റെ അവസാനം കൊണ്ട് തളച്ചിടുന്ന സ്ഥലം. അവന്റെ അവസാന ബാക്കിക്ക് തീ കൊടുക്കുന്ന ഇടം. ഇത്രയും പുണ്യമായ ഒരു പ്രദേശമുണ്ടോ. ശ്മശാനങ്ങൽ പൂങ്കാവനങ്ങളാക്കണം. ദഹനം നടക്കുന്നിടത്ത് നടക്കട്ടെ. ഇത് ഏറ്റവും വൃത്തിഹീനമായ സ്ഥലമാണ്. നഗരസഭയുടെ ചവറുകൾ കുന്നുകൂട്ടിയിട്ടിരിക്കുന്ന സ്ഥലം. ആത്മാക്കളുണ്ടെന്ന് വിശ്വസിക്കുന്ന രാജ്യത്ത്, അവയ്ക്ക് മര്യാദയ്ക്ക് സ്വസ്ഥമായിരിക്കുന്ന ഒരു സങ്കേതം കൂടിയാകണ്ടേ?

ജഡങ്ങളുടെ മണമുണ്ടാവില്ലേ? ഉണ്ടാകും. അല്പം ചെറിയൊരു കുഴി വെട്ടി അതിനുള്ളിലാണ് ദഹിപ്പിക്കാൻ വിറക് നിരത്തുന്നത്. വിറകൊക്കെ കുറവായിരിക്കും. ചില ജഡങ്ങൾ എളുപ്പം കത്തിതീരില്ല. പാതിവെന്ത ജഡങ്ങൾ ബന്ധുക്കൾ ഒഴിയുന്നതോടെ അവശിഷ്ടങ്ങളുണ്ടെങ്കിൽ തോണ്ടി മാറ്റി കുഴിച്ചിടും. പട്ടികൾ അത് തോണ്ടാം. അല്ലെങ്കിൽ ശ്മശാനത്തിൽ പട്ടികൾ എന്നും ഉത്സവം കൂടുന്നത് എന്തിന്? ദഹിപ്പിച്ചതിന്റെയും അടക്കിയതിന്റെയും ഇടയിലേയ്ക്കാണ് നമ്മൾ മതിലു ചാടി ചെന്നുകേറുന്നത്. അല്ലെങ്കിൽ തന്നെ ആര്, ആരെ, എവിടെ അടക്കി എന്നതിനെ സംബന്ധിച്ച് വല്ല തെളിവുമുണ്ടോ. നമ്മുടെ വീടു നിൽക്കുന്നിടം, നമ്മൾ മലർന്നു കിടന്ന് ഉറങ്ങുന്ന പാർക്കുകൾ, ഒക്കെ ഇതിലും ഭീതികരമായ ശ്മശാനങ്ങളായിരുന്നിരിക്കാം. എത്ര ജഡങ്ങൾ പുഴുത്തുവീണീടത്താണ് നമ്മൾ പൂജകളും പ്രാർത്ഥനകളും നടത്തുന്നത്.

കാവൽക്കാർ മണ്ണിറക്കി ഇട്ട ഇടത്ത് ഞാൻ മലർന്നു കിടക്കുകയാണ്. അന്നത്തെ ദിവസം എന്തോ ഉറക്കം

വന്നില്ല. അതു കൊള്ളാം. ഞാൻ നല്ല ഉറക്കം വന്നാണ് ഇങ്ങോട്ടു കേറിയത്. പ്രപഞ്ചത്തിലെ ഓരോ അണുവിലും ഒരു കണക്കുണ്ട്. അതുപ്രകാരം ഞാനിവിടെ ഇരിക്കുന്നതിനും ഇപ്പോൾ ഉറക്കം വരാത്തതിനും എന്തൊക്കെയോ കാരണങ്ങളുണ്ട്. ഞാനിങ്ങനെ അതാലോചിച്ചിരിക്കെ, രണ്ടു പേർ മതിൽ ചാടി ഇപ്പുറത്തുവീണു. ഞാൻ പെട്ടെന്ന് എഴുന്നേറ്റ് അവിടത്തെ അടക്കിയ ഒരു രാഷ്ട്രീയ നേതാവിന്റെ സ്തൂപത്തിന് പിന്നിലൊളിച്ചു. മതിൽ ചാടികടന്ന ഉടൻ പരിസരമൊന്ന് വീക്ഷിക്കാനായി അവർ ഒന്ന് നിന്നു. ആകെ അങ്കലാപ്പിലാണ് അവർ. അതിലൊരാൾ ചുവന്ന പട്ടൊക്കെ ഉടുത്തിട്ടു. ശരീരം നിറയെ രുദ്രാക്ഷം പോലെ കുറേ മാലകളും. ആളൊരു ദുർമന്ത്രവാദിയാണെന്ന് അവന്റെ മുഖം നോക്കിയാൽ മനസ്സിലാകും. അയാൾ സഞ്ചിയിൽ നിന്ന് ഒരു തലയോട്ടി പുറത്തെടുത്തു. നീട്ടിപ്പിടിച്ച് എന്തോ ജപിച്ചു. പിശാചുക്കളുണ്ടെങ്കിൽ അടുക്കാതിരിക്കാനാണ്. ഞാൻ മനസ്സിൽ പറഞ്ഞു. ഇത്തരക്കാരെയാണ് തുരത്തേണ്ടത്. സ്വസ്ഥമായി ഒന്ന് കിടന്നുറങ്ങണമെന്ന് വിചാരിക്കുന്നവർക്കും ഇല്ലെങ്കിൽ ഇവന്മാർ ശല്യമാകും. ഞാൻ മനസ്സിൽ മന്ത്രവാദിയെ വെല്ലുവിളിച്ചു. ദാ മണിയൻപിശാച്. പറ്റുമെങ്കിൽ ഒന്ന് ഉച്ചാടനം ചെയ്യ്. ഞാൻ മെല്ലെ പതുങ്ങി അവിടെയുമിവിടെയും കൈ കൊണ്ട് അളിച്ചുവാരി. ഒരു കല്ലായിരുന്നു ഉന്നം. നോക്കിയപ്പോൾ ഒരു എല്ലിന്റെ മൂട്. അത് നന്നായി. ഉന്നം പിടിച്ച് ഒറ്റ എറി. ഞാൻ പ്രതീക്ഷിച്ചില്ല. പക്ഷേ വിധി അവിടെയും കേറി കളിച്ചു. കൊണ്ടത്, അവൻ ജപിച്ചു നിന്ന് തലയോട്ടിയിൽ. അത് പടേന്ന് താഴേ വീണു. കൂടെ വന്നവൻ അയ്യോായെന്നൊരു വിളി വിളിച്ചു. മന്ത്രവാദി പക്ഷേ വിട്ടില്ല. രണ്ടു മിനിട്ട് അവിടെ നിന്നു. അയാൾക്കറിയാമല്ലോ തീർച്ചയായും, പിശാചുക്കളില്ല. മനുഷ്യരേ ഉള്ളൂവെന്ന്. ആ ഉറപ്പുള്ളതു കൊണ്ടാണല്ലോ അയാളിങ്ങനെ അതിനെ വച്ച് മനുഷ്യനെ പേടിപ്പിക്കുന്നത്. എന്റെ കൈയിൽ പിശാചുണ്ട്, കുട്ടിച്ചാത്തനുണ്ട്, മാടനുണ്ട് എന്നൊക്കെ പറഞ്ഞു പേടിപ്പിച്ചിട്ട്, അതിന്റെ അംശം പോലും ഇല്ലെന്ന് അയാൾക്ക് നന്നായറിയാം. അല്ലെങ്കിൽ അയാളതാ, സഞ്ചിയിൽ കൈയിട്ട് ഒരു സാധനമെടുത്ത് നിവർത്തി. മതിലിനു തൊട്ടകത്തായതു കൊണ്ട് സ്ട്രീറ്റ് ലൈറ്റിൽ അല്പം വെട്ടം കിട്ടുന്നുണ്ട്.



അതിൽ തെളിഞ്ഞു. ഒരു ചുറ്റുവാൾ. അതൊന്ന് തിളങ്ങി. പിശാചിനെ പിടിക്കാൻ ചുറ്റുവാളോ? വല്ല മന്ത്രമോ തന്ത്രമോ പോരേ. ആളു മോശക്കാരനല്ല. എതിരാളിക്കുള്ള സൂചന എന്ന നിലയ്ക്കാണ് അയാൾ വാളെടുത്ത് നിൽക്കുന്നത്. നീ പ്രേതമല്ലെന്ന് എനിക്കറിയാമെടാ എന്ന അർത്ഥത്തിൽ. പിന്നെ അയാൾ അത് മടക്കി സഞ്ചിയിലാക്കി മതിലു ചാടി മറഞ്ഞു. ദൂരെയെങ്ങോ ഒരു കാർ സ്റ്റാർട്ടാകുന്ന ശബ്ദം കേട്ടു. എനിക്ക് ഉറക്കം വന്നു. ദൂരെ ഏതോ കത്തിത്തീരാത്ത ചിതയിലെ കനൽ. മറ്റെവിടെയോ നിന്ന് തറയിൽ നിന്ന് ഉയർന്ന് അന്തരീക്ഷത്തിൽ നിൽക്കുന്ന ഒരു പച്ചവെളിച്ചം. ഒരിക്കൽ ഞാനാ വെട്ടം കണ്ട് പേടിച്ചിട്ടുണ്ട്. ചെന്ന് നോക്കി. ചുമ്മാ അതിങ്ങനെ മിന്നാമിന്നു പോലെ കത്തിനിൽക്കുകയാണ്. കുറേ കഴിഞ്ഞങ്ങ് അണഞ്ഞു. നമുക്ക് അറിഞ്ഞു കൂടാത്ത എന്തോ പ്രതിഭാസം എന്നേ കരുതിയുള്ളൂ. പിന്നീട് ഞാൻ പലരോടും അന്വേഷിച്ചു. ഇപ്പോൾ അറിയാം, അത് എല്ല് കത്തി കത്തി, അതിനിടയിലെ ഫോസ്ഫറസിലെ അംശം അന്തരീക്ഷത്തിൽ കൂടുമ്പോൾ പച്ചയായി ജ്വലിക്കുന്നതാണ്. ഇത് കണ്ട് എത്ര പേർ പേടിച്ച് ചത്തിരിക്കും. അവരിൽ നിന്നും ഇതുപോലെ പച്ച ഫോസ്ഫറസ് എഴുന്നേറ്റ് ജ്വാലയായി നിന്നിരിക്കും. അതുകണ്ട് വേറൊരുത്തൻ. ചിന്തിക്കുമ്പോൾ ചിരിക്കാനേ ഉള്ളൂ. ചത്തു കഴിഞ്ഞാൽ ചത്തു. അത്രയേയുള്ളൂ. ജഡത്തെ പേടിക്കേണ്ട കാര്യമില്ല. ജഡത്തെ പേടിച്ചാൽ, നിങ്ങൾ ജഡാവസ്ഥയിലുള്ള എല്ലാത്തിനേയും പേടിക്കണം. ഒരു ബെഞ്ചിനെ, ഡസ്കിനെ, ഒരു ബുക്കിനെ എല്ലാത്തിനെയും. നമ്മുടെ മനസ്സാണ് പേടി ആരോപിക്കുന്നത്, ഒരു വസ്തുവിൽ. ഞാൻ ജഡത്തിനെ ചവിട്ടിയിട്ടുണ്ട്.

ആദ്യ അനുഭവം കാക്കോട്ടുമൂല എന്ന സ്ഥലത്തു നിന്ന് മയ്യനാട്ടേയ്ക്കു വരുമ്പോഴായിരുന്നു. വിജനമായ പ്രദേശം. റെയിൽവേ റോഡാണ് രാത്രി സഞ്ചാരത്തിന് ഞാൻ സാധാരണ തിരഞ്ഞെടുക്കുന്നത്. പല ഗുണങ്ങളുണ്ട്. റെയിൽ റോഡു വഴി ഒരു പോലീസ് ബീറ്റും കടന്നു പോകുന്നില്ല. ജീവിതത്തിൽ ഇന്നേവരെ ഒരു പോലീസുകാരനേയും റെയിൽവഴിയിൽ കണ്ടിട്ടുമില്ല. ആകെ അഭിമുഖീകരിക്കേണ്ടത്, ഓരോ ഗേറ്റുകളിലേയും കാവൽമാടങ്ങളിലിരിക്കുന്ന പാവം റെയിൽവേ മനുഷ്യരെയാണ്. അവർ രാത്രി പത്തു മണിക്കു മുമ്പു തന്നെ വാതിലടച്ച് അകത്തു കേറിയിരിക്കുകയോ മയങ്ങുകയോ ചെയ്യും. കാരണം, അന്ന് രാത്രി വണ്ടികൾ അപൂർവമാണ്. പത്തുമണി കഴിഞ്ഞാൽ പിന്നെ പുലർച്ചേ നാലരയ്ക്കേ വണ്ടിയുള്ളൂ. റെയിൽവേ ടൈം ഒക്കെ കള്ളൻ അറിയണം. റെയിൽ സമയമല്ലേ, രാത്രിയെക്കുറിച്ചും അതിലെ ചരാചരങ്ങളെക്കുറിച്ചും. ധൈര്യമുള്ള അപൂർവം ചില കാവൽക്കാരുണ്ട്. അസമയത്ത് കാണുമ്പോൾ അവർ ചോദിക്കും : എവിടെ പോകുന്നെടാ....

പല മറുപടി കൊടുത്തിട്ടുണ്ട്.

'കള്ളനാണ്.'

എങ്ങോട്ടാ....

അങ്ങനൊന്നുമില്ല. വല്ലടവും ഉണ്ടോ....

പോടാ, പോടാ... ഇവിടെങ്ങും ശല്യമുണ്ടാക്കരുത്. പോ പോ...

ചിലപ്പോൾ ചോദിക്കും.

എവിടെ പോകുന്നു?

ചാകാൻ...

പിന്നൊരു നിശബ്ദതയാണ്....

ഇനി രാത്രി വണ്ടിയൊന്നുമില്ല. പോ. പോ. വീട്ടി പോ... ഒന്ന് ഉറങ്ങിത്തെളി. അപ്പോൾ എല്ലാ ആവേശവും തീരും....

നമ്മൾ അതൊന്നും കേൾക്കാതെ നടന്നങ്ങ് പോകും...

തീവണ്ടിയിൽ കയറിയതിനേക്കാൾ ഞാൻ ഇതുപോലെ ട്രക്കുവഴി നടന്നാണ് കൂടുതൽ സഞ്ചരിച്ചിട്ടുള്ളത്. നടക്കാൻ റെയിൽവേയ്ക്ക് കാശു കൊടുക്കേണ്ട. തീവണ്ടിക്കകത്ത് ഞാൻ ഒരിക്കൽ ഒഴിച്ച് ഒരിക്കലും ടിക്കറ്റെടുക്കാതെ സഞ്ചരിച്ചിട്ടില്ല. കക്കാൻ പോയതും, പരോളിൽ നിന്ന് മുങ്ങാൻ പോയതുമെല്ലാം തീവണ്ടിയിൽ. കോട്ടയം, ചെങ്കോട്ട, കോഴിക്കോട്, എല്ലായിടത്തും. ഒരിടത്തും ടിക്കറ്റ് എടുക്കാതിരുന്നില്ല. അല്ലെങ്കിൽ തന്നെ സാമൂഹിക വിരുദ്ധൻ. മറ്റു സമയങ്ങളിലെല്ലാം നിയമത്തെ അനുസരിക്കാം. എന്നതുകൊണ്ടാണത്. ഒരു കവിയാണ് എന്നു കരുതി, സദാ അയാൾ കവിതയെഴുതിക്കൊണ്ടു നടക്കുമോ? അയാൾ കവി അല്ലാതെ സാധാരണക്കാരനായിരിക്കുന്ന അവസ്ഥയാണ് കൂടുതലും. കള്ളനും അങ്ങനെ തന്നെ. നിങ്ങളൊക്കെ ടിക്കറ്റ് എടുക്കുന്നതെന്തിന്, എന്നാരെങ്കിലും വിചാരിച്ചാൽ, അവർക്കുള്ള മറുപടിയാണ് മേൽപ്പറഞ്ഞത്.

ജീവിതത്തിൽ ഒരിക്കൽ, അത് 2005 ലാണ്. 1995 ൽ ജയിലിൽ നിന്നിറങ്ങിയ ശേഷമുള്ള 10 വർഷങ്ങൾ. പട്ടിണിയുടെ അരികിൽ കൂടെയായിരുന്നു ജിവിതം. സടകൊഴിഞ്ഞ സിംഹത്തെ നാണംകെട്ട കഴുതപ്പട്ടിണിയുടെ അരികിൽ കൂടെയായിരുന്നു ജീവിതം. സടകൊഴിഞ്ഞ സിംഹത്തെ നാണംകെട്ട കഴുതപ്പുലികൾ ആക്രമിച്ച് കൊല്ലും. അതു പോലെയാണ് ദാരിദ്ര്യവും. 2005ൽ ഞാൻ കൊല്ലം റെയിൽവേ സ്റ്റേഷനിൽ ഇരിക്കുകയാണ്. പരിചയമുള്ള ഒരുപാട് പേർ കടന്നുപോകുന്നു



ണ്ട്. തിരുവനന്തപുരത്തേക്ക് 14 രൂപവേണം. നിവൃത്തിയില്ല. ആരോടെങ്കിലും എന്തെങ്കിലും ചോദിക്കാൻ ഇന്നും നാണക്കേടാണ്. ചോദിക്കാതെ മാത്രമേ എടുത്തിട്ടുള്ളൂ. ഇപ്പോൾ എന്റെ ഉള്ളിൽ റയിൽവേയുടെ പൈപ്പുവെള്ളമാണ് അലയടിക്കുന്നത്. വെള്ളം മാത്രം കുടിച്ചുകൊണ്ട് പത്തുമുപ്പതു ദിവസം ജീവിക്കാമെന്ന ശാസ്ത്രസത്യമാണ് പിൻബലം. ഞാനിപ്പോൾ അഞ്ചുദിവസമായിട്ടേ ഉള്ളൂ. പോലീസ് സ്റ്റേഷനിൽ പോകാതായി. ഇനി എന്ത്? മരിക്കുന്നതുവരെ ജീവിക്കണം. പണ്ടൊരിക്കൽ ആത്മഹത്യാശ്രമം നടത്തി നാണംകെട്ടതാണ്. മുന്നിൽ പാളങ്ങളുണ്ട്. കുറേ മുന്നോട്ടു നടന്ന് എടുത്തങ്ങ് ചാടിക്കൊടുത്താൽ മതി. ഭയവുമില്ല. പക്ഷേ കഴിയുന്നില്ല.

തിരുവനന്തപുരത്തേക്കുള്ള ഷട്ടിൽ ട്രെയിൻ. ഞാൻ രണ്ടും കൽപിച്ച് കയറിയിരുന്നു. എന്റെ 55 വർഷത്തെ ജീവിതത്തിനിടയിൽ ഇന്നുവരെ, ഒരു ടിടിആർ എന്നോട് ടിക്കറ്റ് ചോദിച്ചിട്ടില്ല. ഒന്നുരണ്ട് തവണ വന്നെങ്കിലും എന്തുകൊണ്ടെന്നറിയില്ല, എന്നോട് ചോദിച്ചിട്ടില്ല. ആയൊരു ധൈര്യം. പക്ഷേ ഭയങ്കര അരക്ഷിതബോധം. പേടിച്ചു പേടിച്ചിരുന്നു. പക്ഷേ കുഴപ്പമൊന്നുമില്ല. ആരും വന്നില്ല. വണ്ടി മുരുക്കുംപുഴ വിട്ടു. പെട്ടെന്നാണ് ഒരാൾ കോട്ടൊന്നുമില്ലാതെ, ഐഡന്റിറ്റി കാർഡു മാത്രം കുത്തിയ ഒരാൾ വന്ന് ടിക്കറ്റ് ചോദിച്ചത്. ടിക്കറ്റ്... ടിക്കറ്റ്... എന്റെ ഇടനെഞ്ചിൽ കൂടി ഒരു ഇടിവാൾ പാഞ്ഞു.

ഞാൻ ഉള്ളാലെ കരഞ്ഞു കൊണ്ട് പറഞ്ഞു.

ഞാൻ ടിക്കറ്റ് എടുത്തില്ല.

ശരി, പിഴ 200 രൂപ അടയ്ക്ക്.

ഞാൻ പറഞ്ഞു.

13 രൂപ ഇല്ലാത്തതുകൊണ്ടാണ് ടിക്കറ്റെടുക്കാത്തത്.

എങ്കിൽ പിന്നെ ജയിലിലേക്ക് പോകാം.

ഞാൻ പ്രതീക്ഷയോടെ തലയാട്ടി.

സമയത്തിന് ആഹാരം കിട്ടുമല്ലോ. തെണ്ടേണ്ടല്ലോ.

അത്ര ധിക്കാരമോ? ടി.ടി. പറഞ്ഞു. പത്തുപതിനാല് ദിവസം കിടക്കുമ്പോൾ പഠിച്ചോളും. ജയിലൊക്കെ സ്വർഗമാണെന്നാണോ ഇവന്മാരുടെയൊക്കെ വിശ്വാസം.

വേറൊരു അവസ്ഥയിലായിരുന്നെങ്കിൽ ഞാൻ പൊട്ടിച്ചിരിച്ചേനെ. ജയിൽ പഠിപ്പിക്കാൻ വന്നിരിക്കുന്നു. എനിക്ക് പക്ഷേ ദേഷ്യമാണ് വന്നത്.

ഞാൻ പറഞ്ഞു. കാശില്ല. നടപടിയെടുക്കണം. അല്ലാതെ, എടാ പോടാ എന്നു വിളിക്കരുത്.

ങ്ഹാ. തന്നെ അകത്തിട്ടിട്ടു തന്നെ കാര്യം. ടിടി. ചൂടാവുകയാണ്. എല്ലാവരും കാലു പിടിക്കുന്നതാണ് അയാളുടെ ശീലം. പരിസരത്തുള്ളവരെല്ലാം ആസ്വദിക്കുന്നുണ്ട്. പെട്ടെന്ന് ഒരാൾ ഷൂസും പാന്റ്സുമൊക്കെ ഇട്ട ഒരാൾ. എക്സ്ക്യൂസ് മി.. ഞാൻ തരാം പൈസ.

ഞാൻ പറഞ്ഞു. സഹായത്തിന് നന്ദി.

ടി.ടി. : നിങ്ങളെ പോലുള്ളവരാണ് ഇവരെയൊക്കെ ചീത്തയാക്കുന്നത് എന്നുപറഞ്ഞ് പൈസ വാങ്ങിക്കാതെ നടന്നുകളഞ്ഞു. അയാളങ്ങോട്ട് തിരിഞ്ഞതേ, കാശ് ഓഫർ ചെയ്തവന്റെ ഗിരിപ്രഭാഷണം തുടങ്ങി. നിങ്ങൾക്കറിയുമോ, മുംബൈയിൽ ഞാൻ എട്ടുദിവസം പട്ടിണി കിടന്നിട്ടുണ്ട്. ഇന്നെനിക്ക് രണ്ട് ഫ്ളാറ്റ് അവിടെയുണ്ട്.

ഞാൻ മനസിൽ പറഞ്ഞു: എട്ടു ഫ്ളാറ്റെന്ന് പറഞ്ഞെങ്കിൽ പ്രാസമായേനെ.

അയാൾ തുടരുകയാണ്: നിവൃത്തികേടിന് നമ്മൾ വഴങ്ങിക്കൊടുക്കുകയാണ് ചെയ്യുന്നത്. പോരാടാനുള്ള നമ്മുടെ ആളുകളുടെ കപ്പാസിറ്റിയില്ലായ്മയാണ് ഇവിടെ കാണുന്നത്.

പണ്ടെങ്ങാനുമായിരുന്നെങ്കിലും ഇവന്റെ പിറകേ പോയി വീടു കണ്ടുവച്ച്, ഇവനിട്ടൊരു പണി കൊടുക്കാമായിരുന്നു. ഇത്തരം ബോറന്മാർക്കാണ് ജീവിതത്തിൽ തിരിച്ചടികൾ കിട്ടേണ്ടത്.

പത്തുപതിനാലു ദിവസം പട്ടിണി കിടക്കാതെ, കഴിയാൻ പറ്റുന്ന സുവർണാവസരം തട്ടിക്കളഞ്ഞ ദുഷ്ടൻ. പ്രസംഗിക്കുന്നു. ഞാൻ ചാരിയിരുന്നു. കണ്ണിൽ ഇരുട്ടു കയറുകയാണ്. തമ്പാനൂരിൽ എത്തിയപ്പോൾ ആരോ വിളിച്ചു. മിക്കവരും ഇറങ്ങിത്തീർന്നിരിക്കുന്നു. മറ്റവനെവിടെ?

പ്രസംഗിച്ച് ചത്തോ?

ഒരു തവണകൂടി കള്ളവണ്ടി കയറി. മുമ്പു പറഞ്ഞ സംഭവത്തിനുശേഷം ഒരു മാസത്തിനകം. ദാരിദ്ര്യത്തിന്റെ ഉച്ചസ്ഥായിയിൽ. ഇത്തവണ നല്ല ധൈര്യമായിരുന്നു. പത്തുദിവസം ജയിലിൽ കിടന്നാൽ അത്രയും സന്തോഷം. കൃത്യം ഇത്തവണയും ടി.ടി. കയറി. കൂടെ രണ്ട് റയിൽവേ പോലീസുകാരുമുണ്ടായിരുന്നു.

ടിക്കറ്റ്. അയാൾ പറഞ്ഞു.

ഇല്ല. ഞാൻ കൂസലില്ലാതെ പറഞ്ഞു.

ഇല്ലേ, എഴുന്നേൽക്ക്.

അതു ന്യായം. എഴുന്നേറ്റു.

ഫൈനുണ്ടോ?

ഇല്ല.

പിന്നെ?

വെറുതെ സംസാരിക്കുന്നതെന്തിന്? നമുക്ക് ജയിലിൽ പോകാം.

കാബിനിൽ കൂട്ടച്ചിരി.

ടി.ടി. പറഞ്ഞു: ഇത് ധിക്കാരത്തിന്റെ ഭാഷയാണ്.

അല്ല. ഇത് ഗതികേടിന്റെ ഭാഷയാണ്.

എന്താ പേര്? പോലീസുകാരൻ ഡയറിയുമായി അടുത്തു വന്നു.

ഞാൻ പറഞ്ഞു:

മണിയൻപിള്ള

ഐഡന്റിറ്റി കാർഡുണ്ടോ?

പെന്തക്കോസ്തു ബ്രദറായി പഠിക്കുന്ന കോളേജിലേതുണ്ടായിരുന്നു. എടുത്തുകൊടുത്തു.

ഫൈനുമായി വരുമ്പോൾ തരാം. തമ്പാനൂർ സ്റ്റേഷനിലെ പോലീസ് സ്റ്റേഷനിൽ വന്നാൽ മതി.

അതൊരു അക്കിടിയായി പോയി. ചക്ക വീണ് മുയല് ചാകുമെന്നാണ് കരുതിയത്. മുയലു ചത്തതുമില്ല. വെട്ടിയിട്ട പിച്ചാത്തി കൈവിട്ടുപോയെന്നു പറഞ്ഞ പോലെയായി.

മറ്റൊരു രസം. ഞാൻ കൊല്ലത്ത് വണ്ടിയിറങ്ങിയപ്പോൾ പത്തുമുപ്പതു പേരെ പത്തു പതിനഞ്ചു പോലീസുകാർ ചേർന്നു കൊണ്ടുനടന്നു. സ്ക്വാഡായിരുന്നു കേറിയത്. അവർക്കും നമ്മളെ വേണ്ട. പേടിച്ച് ഭയന്നു നിൽക്കുന്നവരെ മതി. ഞാൻ അസൂയയോടെ അവന്മാരെ നോക്കി. കേരളത്തിലെ ജയിലിൽ ഒരു തടവുകാരന് ചെലവാക്കുന്നത് 33 രൂപയാണ്. പത്തു ദിവസം 330 രൂപ. ഫ്രീ മെഡിക്കൽ ചെക്കപ്പും മറ്റും ഒന്ന് ശ്രമിച്ചുനോക്കിയാൽ തരമാവുകയും ചെയ്യും. 13 രൂപക്കുവേണ്ടി സർക്കാർ 330 രൂപ ചെലവാക്കുന്നു. നഷ്ടക്കച്ചവടം. പക്ഷേ മാന്യന്മാർ പേടിക്കണമല്ലോ.

ട്രെയിനിൽ പുറത്തു നിന്നുള്ള കാറ്റ് നമ്മുടെ വായിലൂടെ വയറ്റിലേക്കും പൊയ്ക്കൊണ്ടിരിക്കുന്നു. യാതൊരു തടസവുമില്ല. ഉണക്കുകാലത്തെ ഭാരതപ്പുഴ പോലെ വറ്റിവരണ്ട് കിടക്കുകയല്ലേ.

പാതിരാകാലം. ട്രാക്കിലൂടെ കക്കാനുള്ള വീടും പ്രദേശവും തേടി ഞാൻ നടക്കുന്നു. ചിലപ്പോൾ മൂന്നോ നാലോ പേർ ചേർന്ന് രാത്രി ട്രാക്കിൽ പണി നടത്തുകയായിരിക്കും. അപ്പോൾ നമ്മളൊന്ന് പരുങ്ങണം. ഏതെങ്കിലും പൊന്തയിൽ കേറിയിരിക്കും. അല്ലെങ്കിൽ ഒഴിഞ്ഞ് പോകും. മനുഷ്യൻ കൂട്ടു ചേർന്നാൽ അപകടകാരിയാണ്. അതിന്റെ രസവും ഏറും. അവന് അവനിലല്ല വിശ്വാസം. അപരനിലാണ് എന്നതാണ്. മറ്റവൻ ഭയങ്കര ധൈര്യശാലിയാണ് എന്ന പരസ്പരം വിശ്വാസത്തിലാണ്. അതാണ്, അതിലൊരുത്തന് ഒന്നു കൊടുത്ത്, അവനൊന്ന് വീണാൽ ബാക്കിയുള്ളവർ ഓടിക്കളയുന്നത്.

അന്ന് തടി സ്ലീപ്പറുകളാണ്. ഇന്ന് കോൺക്രീറ്റായി. സ്ലാബുകൾ അൽപം കൂടി അടുപ്പിച്ചിട്ടിരിക്കുകയാണ്. ഇത്തിരി പൊക്കത്തിൽ ഉരുണ്ടിട്ടുമാണ്. അതിനാൽ നടക്കാൻ ഒരു സുഖമില്ല. പണ്ടൊക്കെ ചാടിച്ചാടി പോകാൻ നല്ല രസമായിരുന്നു. ഒരു കാൽ എടുത്തു വച്ചപ്പോൾ കാൽ ഒന്നുതെറ്റി. എന്തിലോ ചവിട്ടി. കുടഞ്ഞു. അടുത്ത കാൽ വച്ചപ്പോഴും തെറ്റി. തീപ്പെട്ടി ഉരച്ചപ്പോൾ ഇറച്ചി വീണു കിടക്കുകയാണ്. വല്ല പട്ടിയോ പൂച്ചയോ ആകുമെന്ന് കരുതി. പക്ഷേ പിന്നെ കൈ തെളിഞ്ഞു. കാൽ തെളിഞ്ഞു. പത്തു മണിയുടെ വണ്ടി അടിച്ചിട്ടു പോയതാണ്. ഞാൻ അപ്പോൾ ആലോചിച്ചു പോയത് ചത്തവന്റെ വിധിയെ കുറിച്ചാണ്. നിന്റെ ശരീരം ഛിന്നഭിന്നമായിപ്പോവുമെന്ന് മാത്രമല്ല, നിന്റെ ജഡത്തെ ഒരു കള്ളൻ ചവിട്ടിത്തേക്കുമെന്നും ഉള്ളത്ര ഘോരമാണ് ആ വിധി. അല്ലെങ്കിൽ സമയം, എന്നെ അവിടെ കൊണ്ടെത്തിച്ച്, എന്റെ കാൽപ്പാടുകൾ, ഈ ജഡത്തിലും പതിപ്പിക്കേണ്ട കാര്യമെന്ത്. ആ സമയത്ത്, ഞാനതിലേ പോകേണ്ട കാര്യമെന്ത്? സമയത്തിന്റെ ഈയൊരു അവസ്ഥ ഇതിലും തീവ്രമായി രേഖപ്പെടുത്താവുന്ന ഭയങ്കരനൊരു അനുഭവം വേറെ ഉണ്ടായിട്ടുണ്ട്.

അന്ന് റയിൽറോഡിന് സമാന്തരമായി സൈക്കിൾ പാതയുണ്ട്. കൊല്ലത്തുനിന്ന് നടന്നാൽ തിരുവനന്തപുരത്ത് ചാക്ക വരെ ഈ പാതയുണ്ട്. പത്തറുപത് കിലോമീറ്ററിൽ. പകൽ മുഴുവൻ ഷാപ്പിലിരുന്ന് അടിച്ച്, വൈകുന്നേരം ബെഞ്ചിലോ ഷാപ്പിന്റെ പരിസരത്തോ നാലുകാലും പറിച്ച് കിടന്നുറങ്ങി, പത്തു മണിക്ക് ഷാപ്പടയ്ക്കുമ്പോൾ ആരെങ്കിലും വിളിച്ചുണർത്തുന്നതോടെ നമ്മൾ ഉണരുന്നു. സൈക്കിൾ രാവിലെ വാടകയ്ക്ക് എടുത്തിട്ടുണ്ടാകും. 24 മണിക്കൂറിന ഇത്ര രൂപ എന്നാണ് കണക്ക്. ഉടമയുടെ ആപ്പീസ് പൂട്ടും. രാത്രിയിൽ ഇത്രയേറെ സഞ്ചരിക്കുന്ന സൈക്കിൾ കാണുമോ. ചാക്ക വരെയൊക്കെ രാത്രിയിൽ സൈക്കിൾ ചവിട്ടിപ്പോകുന്നത് ഹോബിയായിരുന്നു. ഒരു രാത്രി കൊണ്ട് നടന്നുവന്നിട്ടുമുണ്ട്. റയിൽ റോഡ് അന്ന് അത്രയ്ക്ക് ഹരമായിരുന്നു. നേരത്തെ പറഞ്ഞതല്ലാതെയും പല ഗുണങ്ങളുണ്ട്. രണ്ട് ദിശകൾ മാത്രമേ ഉള്ളൂ എന്നതിനാൽ ദിശാബോധം കിട്ടും. വഴി തെറ്റില്ല. വാച്ചുണ്ടെങ്കിലും ഇല്ലെങ്കിലും ഞാൻ അന്ന് കൃത്യമായി രാത്രി സമയം കണക്കുകൂട്ടുമായിരുന്നു. അന്തരീക്ഷം നോക്കിയാൽ മതി. നക്ഷത്രങ്ങളുടെ ഗതി മാറി മാറി വരും. അവ ചിതറിയതുപോലെ തോന്നും. രാത്രി മരിക്കാൻ തുടങ്ങുന്നതിലുള്ള അങ്കലാപ്പുപോലെ. പുതുതായി വരുന്ന നക്ഷത്രങ്ങൾ കുറയും. ചില സമയങ്ങളിൽ നമ്മൾ നിശ്ചലമായി അന്തരീക്ഷത്തെ നോക്കിനിന്നാൽ തല കറങ്ങും. ചില സമയങ്ങളിൽ അന്തരീക്ഷത്തിലേക്ക് മിഴിയൂന്നി നിന്നാൽ നമുക്ക് സ്ഥലകാലഭ്രമം ഉണ്ടാകും. ഇതെല്ലാം ചില പ്രത്യേകസമയങ്ങളിലാണ് സംഭവിക്കുന്നത്. ഒന്നര മണി മുതൽ മൂന്നു വരെയുള്ള കള്ളന്റെ സമയത്താണ് കൂടുതലും സംഭവിക്കുന്നത്. അത് കള്ളന്റെ സമയമാണ്. നമ്മൾ ഒരു കാലത്തെ പല രീതിയിൽ പഠിക്കണം. അങ്ങനെയാണ് തുറസായ സ്ഥലത്തുനിന്ന് ഇങ്ങനെ പരീക്ഷണങ്ങൾ നടത്തുന്നത്. ഈ ഭ്രമങ്ങൾ ഉണ്ടാകാൻ കാരണം, എനിക്ക് തോന്നുന്നത്, സകല ചരാചരങ്ങളും ഉറങ്ങുന്ന സമയമാണിത് എന്നാണ്. കടലിലെ മീനും, കാട്ടിലെ പുലിയും മരവും ഉറങ്ങും. മരം ഉറങ്ങുന്നത്

നിങ്ങൾ കണ്ടിട്ടുണ്ടോ? മരത്തിന്റെ ഇലകൾ, സ്വന്തം ഇച്ഛപ്രകാരമല്ല, കാറ്റിന്റെ തോതനുസരിച്ചാണല്ലോ ഇളകുന്നത്. എന്നാൽ ഈ സമയം ഇലകൾ അനങ്ങില്ല. വായു ഇല്ലാത്തതുകൊണ്ടാണോ? കാറ്റു നിശ്ചലമായിരിക്കുന്നതു കൊണ്ടാണോ? കാറ്റ് ഒരിക്കലും നിശ്ചലമല്ല. അതിന് ഉറക്കമില്ല. ദൈവത്തിന് ഭൂമിയിൽ ഒരു പ്രതിരൂപമുണ്ടെങ്കിൽ അത് കാറ്റാണ്. കണ്ണടച്ച്, കൃത്യമായി ഏകാഗ്രപ്പെട്ട് ശീലിച്ചാൽ കാറ്റിന്റെ ചലനങ്ങൾ നമ്മുടെ തൊലികൊണ്ട് അറിയാം. വളരെ സൂക്ഷ്മമായ കാറ്റിനെ പോലും അറിയാം. അതൊരു സുഖമാണ്. അതാണ് ഞാൻ പറയുന്നത്, ദൈവത്തെ നമ്മൾ അനുഭവിക്കേണ്ടത്, നമ്മളിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെന്നാണ്. അത് സ്വയം പരീക്ഷണങ്ങളിലൂടെ അവനവന്റെ ആത്മാവിന്റെ ആനന്ദം എങ്ങനെ എന്ന രീതിയിലാകണം. അല്ലാതെ, നമുക്ക് പാർപ്പിടം തരുന്ന ദൈവത്തിന് പാർപ്പിടം ഉണ്ടാക്കി വെച്ചിട്ടില്ല. നമ്മളെ കുത്തിനിർത്തുന്ന ദൈവത്തെ അതിൽ കുത്തിയിരുത്തിയിട്ടുമല്ല. നമുക്ക് രൂപം തന്ന ദൈവത്തിന് രൂപം കൊടുത്തിട്ടുമല്ല. പക്ഷേ ദുർബലനാണല്ലോ മനുഷ്യൻ. സ്വന്തം ആത്മവിശ്വാസമാണ് ദൈവം. ആത്മബലം നശിക്കുമ്പോഴാണ് ഏകാഗ്രത നഷ്ടപ്പെട്ട്, മനുഷ്യൻ ഛിന്നഭിന്നനാകുന്നു. അതായത്, ഒരു മനുഷ്യൻ അവന്റെ ഉള്ളിൽ തന്നെ നൂറു കഷണമായി മാറുന്നു. ഇതിനെ കൂട്ടിയോജിച്ച് ഒറ്റ ഒന്നാക്കി കൊണ്ടുവരാൻ ആകാത്തതാണ് നമ്മുടെ പരാജയം. ഇത്രയുമൊക്കെ ഗീർവാണം പറഞ്ഞ് പ്രസംഗിക്കുന്ന, ഞാൻ നേരത്തെ പറഞ്ഞതുപോലെ ഛിന്നഭിന്നമാകുന്നത് നിങ്ങൾക്ക് വഴിയേ മനസ്സിലാക്കാം. അപ്പോൾ കാറ്റ്. അത് ഏതുസമയത്തും ഉണ്ട്. ചരാചരങ്ങൾ ഉറങ്ങുന്നത് ഒരുപക്ഷേ കാറ്റ് ആ സമയത്ത് നിലത്തുകൂടി ഒഴുകുന്നതു കൊണ്ടുമാകാം. ഇതൊക്കെ അനുഭവം മാത്രം, ശാസ്ത്രീയത അറിയില്ല.

അങ്ങനെ ആ രണ്ടാം അനുഭവത്തിലേയ്ക്ക് വരാം.

ഒരു ദിവസം രാത്രി കൊല്ലത്തു പോയി ഒരു സെക്കൻഡ് ഷോ സിനിമ കണ്ടു. മുണ്ടയ്ക്കൽ വഴി വന്ന് എച്ച്. ആൻഡ്.സി കമ്പനിയുടെ അടുത്ത് ഒരു വീട്ടിൽ കേറി ഒരു ചെറിയ മോഷണവും നടത്തി ഞാൻ റെയിൽ റോഡ് വഴി വീട്ടിലേക്ക് വരികയാണ്. ഇരവിപുരം കാവൽപുര കടക്കാറായപ്പോൾ എതിരെ നിന്ന് ട്രെയിൻ വന്നു. ദൂരെ കണ്ടപ്പോഴേ ഞാൻ ഇറങ്ങി നിന്നു. ഇനി ഒരു മണിക്കൂറേയ്ക്ക് ട്രെയിനില്ല. ഞാൻ തിരിച്ച് പാളത്തിൽ കയറി. നടപ്പുതുടങ്ങി. അൽപം നടന്നപ്പോൾ എന്തിലോ കാലു തട്ടിയതായി തോന്നി. കാൽ വേദനിച്ചു. കുനിഞ്ഞുനിന്ന് കാൽ തടവി. കാലിൽ നനവ് മണപ്പിച്ചപ്പോൾ ഇരുമ്പു ദ്രവിച്ച ഗന്ധം. ഓക്കാനം വന്നു. ഞാൻ തീപ്പെട്ടിയെടുത്ത് കൊളുത്തി. തിരി താഴേയ്ക്കു പാളത്തിലേയ്ക്ക് താഴ്ത്തിയപ്പോൾ ഞെട്ടിപ്പോയി. ഒരു പെണ്ണ് എന്റെ കണ്ണിലേയ്ക്കു തന്നെ നോക്കുന്നു. ഞെട്ടിവിറച്ചു പോയി. ഒന്നുകൂടി നോക്കി. **അവളുടെ കണ്ണുകൾ തുറിച്ച് എന്റെ മുഖത്തിനുനേരെ. അവൾക്ക് തല മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്റെ ശരീരം മുഴുവൻ വിറയൽ ബാധിച്ചു കഴിഞ്ഞിരുന്നു. രണ്ടു സ്ലീപ്പറുകൾക്ക് ഇടയിൽ, എന്റെ തട്ടുകൊണ്ട് മുന്നിലെ സ്ലീപ്പറിൽ ഇടിച്ചുകിടക്കുകയാണ് തല. തിരികെട്ടു. ഞാൻ ദീർഘശ്വാസം വിട്ട് നെഞ്ചിടിപ്പ് നേരെയാക്കാൻ ശ്രമിച്ചു. മാറുന്നില്ല. അടുത്ത തിരി തെളിച്ചു. ഒന്നുകൂടി താഴ്ത്തി. ഇപ്പോൾ ആ കണ്ണുകൾ പേടിപ്പിക്കുകയല്ല, അതിന്റെ സകല ദുരിതങ്ങളും പറയുന്നതായി. ശരീരമെവിടെ? ഞാൻ പാളത്തിൽ തിരഞ്ഞു. കണ്ടില്ല. കഷ്ടിച്ച് നാലടി നടന്നതേയുള്ളൂ. മാംസത്തിന്റെയും ചോരയുടെയും മണം. തൊട്ടുമുന്നിൽ കബന്ധം.** ചോരയുടെ ഒഴുക്ക് നിലച്ചിട്ടില്ല. പാളത്തിനു വേളിയിൽ കമിഴ്ന്നു തല വച്ചു കൊടുത്തിരിക്കുകയായിരിക്കാം. എനിക്കെതിരെ അപ്പോൾ കടന്നുപോയ ആ ട്രെയിനാണ് കൊലപാതകി. വല്ലാത്തൊരു ഭയം. അത് മരണം കണ്ടതിന്റേതായിരുന്നില്ല. ഇത്തവണ, ജീവിതത്തിന്റെ വേദനകളെ കുറിച്ചുള്ള ആധിയായിരുന്നു. ഞാൻ വെറുതേ ഒരു തീപ്പെട്ടി കൂടി കൊളുത്തി മെല്ലെതാഴ്ത്തി. പെണ്ണിന്റെ രണ്ടു കൈകളും പാളത്തിനിടയിലാണ്. അതിനു മുകളിൽ പാളത്തിൽ കയർ ചതഞ്ഞരഞ്ഞ പാട്. പെട്ടെന്ന് എന്റെ ചങ്കിലൊരു വെള്ളിടി വെട്ടി. പാളത്തിനിരുവശവുമായി രണ്ടു വള്ളി കയർ പൊട്ടിക്കിടക്കുന്നു. ദൈവമേ, അവളുടെ കൈ പാളത്തോടു ചേർത്ത് കെട്ടിവെച്ചിരിക്കുകയായിരുന്നു. ഞാൻ ഞെട്ടി തലയുയർത്തി ചുറ്റും നോക്കി. ഒരു ഭയം വിളിച്ചുപറഞ്ഞു. ഇനി നിൽക്കരുത്. അടുത്ത് കുറ്റിക്കാട്ടിൽനിന്ന് എന്തെങ്കിലും അനക്കം കേട്ടിരുന്നോ എന്ന് ഇപ്പോൾ ഓർക്കുമ്പോൾ സംശയം. ഞാൻ പാളത്തിൽ നിന്നിറങ്ങി ഒറ്റയോട്ടം.

കാലു ഉരച്ച് ചെന്നു കിടന്നു. ഉറക്കം കിട്ടിയില്ല. ആ പെണ്ണിന്റെ കണ്ണു തന്നെ. ഒരു വിധം നേരം വെളുപ്പിച്ചു. വേഗം പുറത്തിറങ്ങി. നേരെ റെയിൽറോഡു വഴി കാവൽപ്പുര ഭാഗത്തേക്ക് നടന്നു. എതിരെ വന്ന പരിചയക്കാരൻ പറഞ്ഞു: എടാ, മണിയാ... കാവൽപ്പുറയ്ക്കിപ്പുറം ഒരു പെണ്ണ് ട്രെയിനടിപ്പെട്ടു. വലിയൊരു അദ്ഭുതം എന്റെ മുഖത്ത് അവർ പ്രതീക്ഷിച്ചിരിക്കണം. ഞാൻ ആ കേട്ടതുകൊണ്ടെന്ന വിധം വേഗം കൂട്ടി. ആൾക്കാർ എതിരെനിന്ന് നടന്നു വരികയാണ്. ആളെ തിരിച്ചറിഞ്ഞില്ലത്രേ. ഞാൻ മനസിൽ പറഞ്ഞു: ഞാൻ തിരിച്ചറിഞ്ഞു. ഊരും പേരുമല്ല. അവളുടെ വേദനകൾ. രണ്ടു സെക്കന്റുകൾ കൊണ്ട് അവളുടെ വേദനകളെല്ലാം എന്നോട് പറഞ്ഞു. അതെനിക്ക് അനുഭവിക്കാനുമായി.

ആൾക്കാർ ഓടുകയാണ്. ഞാൻ വിചാരിച്ചതുപോലല്ല. മണി എട്ടു കഴിഞ്ഞിരിക്കുന്നു. വെളുപ്പിന് ഞാനൊന്ന് മയങ്ങിപ്പോയിരിക്കണം. വെട്ടം വീണതുവരെ ഉണർന്നു കിടന്നത് ഓർമയുണ്ട്. ജനം വലിയ ഉൽസാഹത്തിലാണ്. ഒരു സംഭവുമില്ലാതെ കടന്നുപോകുന്ന വരണ്ട ദിനങ്ങൾക്കുശേഷം പുതുമയുള്ള ഒരു ദിവസമാണ് അവരെ സംബന്ധിച്ച്. പുതിയൊരു വാർത്ത. സംസാരിക്കാൻ ഒരു വിഷയം. ഞാൻ ആൾക്കൂട്ടത്തിനിടയിലൂടെ തലയിട്ട് ഒരു പരുവത്തിൽ നോക്കി. അധികം പോലീസുകാരില്ല. നമ്മളെ അറിയാവുന്നവരില്ല, ഉണ്ടെങ്കിൽ ചിലപ്പോൾ പറയും. വണ്ടി ഈസ്റ്റു സ്റ്റേഷൻ വഴിയല്ലോ. നീയും കൂടെ കേറ്. കേസൊക്കെ കുറവാ...

*(തുടരും)*

*ജി.ആർ. ഇന്ദുഗോപൻ*
*'വയലറ്റ്', എസ്.ബി.എൻ.-19*
*മരിപ്പൻകോട്, പേരൂർക്കട, തിരുവനന്തപുരം-5*